**കേരള സർക്കാർ**

**സംഗ്രഹം**

**ധനകാര്യ വകുപ്പ് - എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി - തിരൂരങ്ങാടി നിയോജക മണ്ഡലം - പുത്തൻ കടപ്പുറം എന്ന സ്ഥലത്ത് മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് 3 ലക്ഷം രൂപ അനുവദിക്കുന്നതിന് - പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.**

---

**ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പ്**

**സ.ഉ.(സാധാ.) നം.9565/2018/ധന.** **തിരുവനന്തപുരം, തീയതി 21/11/2018**

---

**പരാമർശം :** 1) 29/12/2017- ലെ സ.ഉ.(അച്ചടി) നം. 161/2017/ധന. ഉത്തരവ്.
2) ശ്രീ. പി. കെ. അബ്ദു റബ്ബ് എം.എൽ.എ, ബഹു. ധനകാര്യ മന്ത്രിക്ക് 24/10/2018 ന് നൽകിയ കത്ത്.

**<u>ഉത്തരവ്</u>**

തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ പരപ്പനങ്ങാടി നഗരസഭയിലെ പുത്തൻകടപ്പുറം എന്ന പ്രദേശത്ത് മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയിൽ നിന്നും 3,00,00/- (മൂന്ന് ലക്ഷം രൂപ) വിനിയോഗിക്കുവാൻ പ്രത്യേകാനുമതി നൽകണമെന്ന് ശ്രീ. പി.കെ. അബ്ദു റബ്ബ് എം.എൽ.എ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ പരപ്പനങ്ങാടി നഗരസഭയിലെ പുത്തൻകടപ്പുറം എന്ന പ്രദേശത്ത് മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് ശ്രീ. പി.കെ. അബ്ദു റബ്ബ് എം.എൽ.എ യുടെ പ്രത്യേക വികസന നിധിയിൽ നിന്നും **3,00,000/- രൂപ (മൂന്ന് ലക്ഷം രൂപ മാത്രം)** വിനിയോഗിക്കുവാൻ പരാമർശം (1) പ്രകാരമുള്ള ഉത്തരവിലെ മാർഗരേഖയിൽ ഇളവു വരുത്തി പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**എസ്. നരേന്ദ്രൻ പിള്ള**
**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)**

**പകർപ്പ് :**

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. ശ്രീ. പി. കെ. അബ്ദു റബ്ബ് എം.എൽ.എ, ഗ്രേസ്, ബീച്ച് റോഡ്, പരപ്പനങ്ങാടി പി.ഒ - 676 303, മലപ്പുറം.
5. ജില്ലാ കളക്ടർ, മലപ്പുറം.
6. ജില്ലാ ട്രഷറി ഓഫീസർ, മലപ്പുറം.
7. നോഡൽ ഓഫീസർ, www.finance.kerala.gov.in
8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി [No. NC-B1/131/2018-FIN]

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**